പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8056** | **16.07.2014 ൽ മറുപടിയ്ക്ക്**

## ദേശീയോദ്ഗ്രഥന ക്യാമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജന ക്ഷേമ ബോർഡിന്റെ ആഭി മുഖ്യത്തിൽ അന്യ സംസ്ഥാന പ്രതിഭകളെ ഉൾപ്പെടുത്തി ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയി ട്ടുണ്ടോ ; എങ്കിൽ വിശദമാ ക്കുമോ ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985 മുതൽ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടി പ്പിച്ച് വരുന്നുണ്ട്. കഴിഞ്ഞ 2 വർഷങ്ങളായി 'ജാഗരൺഭാരത് ' എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ച് വരുന്നു. 2014 ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ വികാസ് കേന്ദ്രയിൽ വച്ച് മെയ് 21 മുതൽ 25 വരെ 'ജാഗരൺഭാരത്' ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു. കേരളം ഉൾപ്പെടെ 23 സംസ്ഥാനങ്ങളിൽ നിന്നുമായി 450 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. |
| (ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങ ളാണ് കൈ വരിക്കാനുദ്ദേശി ക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും കലയും നമ്മുടെ നാടിനെ പരിചയപ്പെടുത്തുക വഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ക്യാമ്പിന്റെ ഉദ്ദേശ്യലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷവിധാനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെ യും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ഈ ക്യാമ്പ് വഴി സാധ്യമാകുന്നു. |
| (സി) പ്രസ്തുത പദ്ധതി വഴി എന്തെ ല്ലാം കാര്യങ്ങളാണ് നടപ്പാ ക്കിയിട്ടുള്ളതെന്ന് വിശദമാക്കു മോ ; | (സി) വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ അവരവരുടെ സംസ്ഥാനങ്ങളിലെ തനത് കലാ രൂപങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ദേശീയ അവബോധം വളർത്തുന്നതിനായുള്ള സെമിനാർ സംഘടിപ്പിച്ചു. കേരളത്തിന്റെ സാം സ്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്കായി ആരു ടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ വെളിപ്പെടു ത്താമോ ? | (ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരി ട്ടാണ് 'ജാഗരൺഭാരത് 'ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചത്. നാഷണൽ സർവ്വീസ് സ്കീം, നെഹ്റു യുവകേന്ദ്ര തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹകരണം പ്രസ്തുത ക്യാമ്പിന് പ്രയോജനപ്പെടു ത്താറുണ്ട്. 2014 ലെ 'ജാഗരൺഭാരത് ' ക്യാമ്പ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ, കൊടുങ്ങല്ലൂർ മുനിസിപ്പാ ലിറ്റിയിലെ ജനപ്രതിനിധികൾ, മറ്റ് സന്നദ്ധ സംഘട നകൾ എന്നിവരുടെ സഹകരണം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ